Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ: 7/2024**

## വയനാടിന് ഒരു കൈത്താങ്ങ്

മിശിഹായിൽ പ്രിയപ്പെട്ട അച്ചന്മാരേ, സന്ന്യസ്തരേ, അല്മായസഹോദരങ്ങളേ,

വയനാട്ടിലെ മലയോരങ്ങളിൽ കഴിഞ്ഞ ദിവസമുണ്ടായ ഉരുൾപൊട്ടലിൽ നിരവധി ജീവനുകൾ പൊലിഞ്ഞതായി നാം കണ്ടു. സുന്ദരമായ പ്രഭാതം സ്വപ്നം കണ്ടുറങ്ങിയവർ മലവെള്ളപ്പാച്ചിലിൽ മരണത്തിന്റെ മടിത്തട്ടിലേക്കാണ് കടന്നുപോയത്. നിരവധിപേർ പരിക്കേറ്റ് ആശുപത്രികളിലാണ്. കിടപ്പാടവും മറ്റും നഷ്ടപ്പെട്ട ഒട്ടേറെപേർ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നു.

നമ്മുടെ സഹോദരങ്ങൾക്കുണ്ടായ ഈ അത്യാഹിതത്തിൽ അവരുടെ ദുഃഖത്തിൽ പങ്കുചേരാൻ നമുക്കു കടമയുണ്ട്. മരിച്ചവർക്കും ദുരിതമനുഭവിക്കുന്നവർക്കും അവരുടെ കുടുംബങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നതിനൊപ്പം നമ്മളാൽ കഴിയാവുന്ന സഹായങ്ങൾ എത്തിക്കുന്നതും നമ്മുടെ കർത്തവ്യമാണല്ലോ. വയനാട്ടിലെ ജനങ്ങളുടെ അതിജീവനത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളിൽ നമ്മൾ അവർക്ക് കൈത്താങ്ങാകണം. അടിയന്തിര ദുരിതാശ്വാസമായി അതിരൂപതയുടെ സാമൂഹ്യ പ്രവർത്തനവിഭാഗമായ 'സഹൃദയ' വഴി ഭക്ഷ്യവസ്തുക്കളും മറ്റ് അവശ്യവസ്തുക്കളും കഴിഞ്ഞ ദിവസംതന്നെ നാം സമാഹരിച്ച് അവിടേക്ക് എത്തിച്ചിട്ടുണ്ട്. 2018-ലെ പ്രളയകാലത്ത് നമ്മുടെ ഇടവകകളിലെ ക്യാമ്പുകളിലേക്ക് വയനാട്ടിൽ നിന്നും ഭക്ഷ്യവസ്തുക്കളും മറ്റും എത്തിച്ചുതന്നത് നമ്മുടെ ഓർമ്മയിൽ ഉണ്ടല്ലോ.

വയനാട്ടിലെ ദുരിതബാധിതർക്കുവേണ്ടി നമ്മുടെ ഇടവകകളിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും അടുത്ത ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ വയനാട് ദുരിതബാധിതരെ സഹായിക്കുന്നതിനായി ധനശേഖരണം നടത്തുകയും ചെയ്യേണ്ടതാണ്. അപ്രകാരം സമാഹരിക്കുന്ന തുക ദുരിതബാധിതർക്ക് എത്തിക്കുന്നതിന് സഹൃദയയുടെ മേൽനോട്ടത്തിൽ ക്രമീകരണങ്ങൾ നടത്തുന്നുണ്ട്.

ഈ സംരംഭത്തിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഞായറാഴ്ച ശേഖരിക്കുന്ന തുക എത്രയുംവേഗം 'സഹൃദയ'യ്ക്കു കൈമാറാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

ഈശോയിൽ സ്നേഹപൂർവം,

+ Bosco Puthur

**ബിഷപ് ബോസ്കോ പുത്തൂർ**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി അതിരൂപത
31/07/2024

MAJOR ARCHEPARCHIAL CURIA ERNAKULAM-ANGAMALY

..........................................

ഈ സർക്കുലർ 2024 ആഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.